**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3959** **15-07-2022 - ൽ മറുപടിയ്ക്ക്**

**അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ എത്ര; സ്ഥലം ഉണ്ടെങ്കിലും കെട്ടിടം ഇല്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | (എ) സ്വന്തമായി കെട്ടിടം ഇല്ലാത്ത 6948 അങ്കണവാടികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് പുറമേ സ്കൂൾ കെട്ടിടങ്ങളിൽ 390 അങ്കണവാടികളും വാടകരഹിത കെട്ടിടങ്ങളിൽ 1417 അങ്കണവാടികളും പ്രവർത്തിക്കുന്നുണ്ട്.<br><br>സംസ്ഥാനത്ത് സ്ഥലം ഉണ്ടെങ്കിലും കെട്ടിടം ഇല്ലാതെ വാടക കെട്ടിടത്തിൽ 1095 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 1002 അങ്കണവാടികൾക്ക് നിർമ്മാണ അനുമതി നൽകി കഴിഞ്ഞു. ശേഷിക്കുന്ന 93 എണ്ണത്തിന് ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>സ്വന്തമായി സ്ഥലം ലഭ്യമായ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം വകയിരുത്തി ഭരണസമിതി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ആനുപാതിക വകുപ്പ് വിഹിതം കൂടി ഉൾപ്പെടുത്തി ബന്ധപ്പെട്ട ബജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി സർക്കാർ അനുമതിയ്ക്ക് വിധേയമായി ഘട്ടം ഘട്ടമായി കെട്ടിട നിർമ്മാണാനുമതി നൽകി വരുന്നു. |
| (ബി) | സ്വന്തമായി ഭൂമിയുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾക്ക് സ്ഥല വിസ്തീർണ്ണം അനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ? | (ബി) | (ബി) സ്വന്തമായി ഭൂമിയുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾക്ക് സ്ഥല വിസ്തീർണ്ണം അനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10, 7.5, 5, 3, 3 (Slopping Terrain), 1.25 സെന്റ്) അനുസരിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും |

| | | | |
|---|---|---|---|
| | | | ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിന്റെയും, കോളേജ് ഓഫ് ആർക്കിടെക്ചറിന്റെയും സാങ്കേതിക സഹായത്തോടെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഹാൾ, പൂന്തോട്ടം, പ്രീസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി, മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏരിയ, കുട്ടികൾ വീണാൽ പരിക്ക് പറ്റാതിരിക്കുവാൻ ക്ലാസ്സ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏരിയയിൽ ഗ്രാസ് മാറ്റ്, റീഡിംഗ് കോർണർ, ചുമർ ചിത്രങ്ങൾ, പാരന്റ്സ് വെയിറ്റിംഗ് റൂം, അഡോളസെന്റ് കുട്ടികൾക്ക് ലൈബ്രറി, കുട്ടികളുടെ ശാരീരികമായ വികാസത്തിനായി സ്കിപ്പിംഗ് റോപ്, ചെസ് ബോർഡ്, കാരം ബോർഡ്, ഫിംഗർ പോപ്പറ്റ് തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് അനുസരിച്ച് ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ